**ചീഫ് എഞ്ചിനീയറുടെ കാര്യാലയം തദ്ദേശസ്വയംഭരണ വകുപ്പ്**
**ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

(ഹാജർ. ജോൺസൺ. കെ)

വിഷയം : തസ്വഭവ – LID&EW – വനിത ശിശു വികസന വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്നുള്ള സംയുക്ത സംരംഭം മുഖേന 100 അങ്കണവാടികൾ നവീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1) സ.ഉ(സാധാ)നം. 243/2022/വശിവിവ തിയതി. 21.05.2022
2) 06.08.2022 തിയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ DWCD/1141/2022-ICDS A7 നമ്പർ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ 26.06.2019 തിയതിയിലെ ഇ14/12793/2018/സിഇ/ തസ്വഭവ നമ്പർ സർക്കുലർ.

**ഉത്തരവ് നം.ഇ14/11537/2022/സിഇ/LID&EW തീയതി.02.09.2022**

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് മുഖേന അങ്കണവാടി ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടി കെട്ടിടങ്ങൾ നവീകരണം നടത്തുന്നതിനായി ഭരണാനുമതി തുകയായ 200 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ 4235-02-102-96 (P) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകി പരാമർശം (1) മുഖേന സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയ സാഹചര്യത്തിൽ മേൽ പരാമർശം (2) ഉത്തരവിന്റെ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട 100 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റ് ഒരു ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ അധിക തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

പരാമർശം (2) ഉത്തരവിന്റെ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട 100 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു. ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ ജില്ലാ പരിധിയിലുള്ള മേൽ അങ്കണവാടികളുടെ നവീകരണ പുരോഗതി നിശ്ചിതഇടവേളകളിൽ വിലയിരുത്തി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. പ്രവൃത്തികൾ പൂർത്തിയാകുന്ന

മുറയ്ക്ക് മുനിസിപ്പാലിറ്റി/ ഗ്രാമ പഞ്ചായത്ത് LID&EW അധികാരികൾ സർക്കാർ വിഹിതം ലഭിക്കുന്നതിലേക്ക് പരാമർശം (3) സർക്കുലർ പ്രകാരമുള്ള അനുബന്ധ രേഖകളോടൊപ്പം നിശ്ചിത മാതൃകയിലുള്ള ബിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണെന്നും ഇതോടൊപ്പം ഉത്തരവാകുന്നു.

ഉള്ളടക്കം: സൂചന (2) ഉത്തരവിന്റെ പകർപ്പ്

**ചീഫ് എഞ്ചിനീയർ**

പകർപ്പ്:

1) വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം
2) ബന്ധപ്പെട്ട LID&EW എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക്
3) കരുതൽ/സ്റ്റോക്ക് ഫയൽ

AK

I/54835/2022

11537
16/08/2022

DWCD/1141/2022-ICDSA7

214

12/08/22

<u>വനിതശിശുവികസനഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ശ്രീമതി.പ്രിയങ്ക.ജി IAS)

ഉത്തരവ് നം. DWCD/1141/2022-ICDS A7 തീയതി. 06-08-2022

---

വിഷയം: വനിതശിശുവികസനവകുപ്പ്-2022-23 അങ്കണവാടി നവീകരണം - 100 അങ്കണവാടികൾ നവീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ.(സാധാ) നം 243/2022/വശിവിവ.തീയതി 21/05/2022.
2) സ.ഉ(സാധാ) നം 6923/2021/ധന തീയതി 26/10/2021.
3) കാസർഗോഡ് പ്രോഗ്രാം ആഫീസറുടെ 04/08/2021 തീയതിയിലെ ICDS/KSD/A 490/2021നമ്പർ കത്ത്.
4) തിരുവനന്തപുരം പ്രോഗ്രാം ആഫീസറുടെ 18/08/2021 തീയതിയിലെ POTVM-B-322/2021 നമ്പർ കത്ത്.
5) തിരുവനന്തപുരം പ്രോഗ്രാം ആഫീസറുടെ 02/02/2022, 25/03/2022 തീയതികളിലെ DPO/TNPM/C-234/2022 നമ്പർ കത്ത്.
6) കോട്ടയം പ്രോഗ്രാം ആഫീസറുടെ 11/08/2021.15/09/2021 തീയതികളിലെ പിഒകെ/1092/21 നമ്പർ കത്ത്.
7) ആലപ്പുഴ പ്രോഗ്രാം ആഫീസറുടെ 05/02/2022 തീയതിയിലെ ഇ2-633/21 നമ്പർ കത്ത്.
8) എറണാകുളം പ്രോഗ്രാം ആഫീസറുടെ 18/02/2022 തീയതിയിലെ പിഒ/ഇകെഎം/എ4-766/21 നമ്പർ കത്ത്.
9) ഇടുക്കി പ്രോഗ്രാം ആഫീസറുടെ 14/09/2021 എ4-346/2021 നമ്പർ കത്ത്.
10) കൊല്ലം പ്രോഗ്രാം ആഫീസറുടെ 09/08/2021 തീയതിയിലെ ഐസിഡിഎസ്സ്/എഫ്-519/21 നമ്പർ കത്ത്
11) തൃശ്ശൂർ പ്രോഗ്രാം ആഫീസറുടെ 12/07/2022 തീയതിയിലെ DICDSC/TSR/10015/2022-D നമ്പർ കത്ത്

16/8/22

അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവകേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ വിനിയോഗിച്ച് 100 അങ്കണവാടി കെട്ടിടങ്ങൾ ഒരു ലക്ഷം രൂപ നിരക്കിൽ തദ്ദേശസ്വയംഭരണഎഞ്ചിനീയറിംഗ് വിംഗ് മുഖേന നവീകരണം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

I/54835/2022

പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ആഫീസറായിട്ടുള്ള 4235-02-102-96 (p) ശീർഷകത്തിൽ നിന്നും തദ്ദേശസ്വയംഭരണവകുപ്പ് നിർമ്മാണം/നവീകരണം പൂർത്തിയാക്കുന്ന പക്ഷം തുക പിൻവലിക്കുന്നതിനായി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ടി ശീർഷകത്തിൽ cross map ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നതും നവീകരണം ആവശ്യമുള്ളതുമായ 100 അങ്കണവാടികൾ നവീകരിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് പ്രോഗ്രാം ആഫീസർമാർ LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ പരാമർശം (3) മുതൽ (10) വരെയുള്ള പ്രൊപ്പോസലുകൾ പരിഗണിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള 100 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയും നിർമ്മാണച്ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയും ഉത്തരവാകുന്നു. എസ്റ്റിമേറ്റ് പ്രകാരം ഒരു ലക്ഷം രൂപയിൽ അധികരിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വകയിരുത്തുന്നതാണ് എന്ന ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടുള്ള അങ്കണവാടികൾക്ക് വകുപ്പ് വിഹിതത്തിന് പുറമെ വരുന്ന അധികതുക പഞ്ചായത്തുകൾ വകയിരുത്തി നവീകരണം പൂർത്തിയാക്കേണ്ടതാണ്.

നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നവീകരണപ്രവൃത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അടിയന്തിരമായി ആരംഭിക്കേണ്ടതും നവീകരണം പൂർത്തിയായശേഷം 4235-02-102-96 (p) ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രോഗ്രാം ആഫീസർമാർ /സിഡിപിഒമാർ നവീകരണപുരോഗതി വിലയിരുത്തി പ്രതിമാസ റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ

LSGD എഞ്ചിനീയറിംഗ് വിംഗ്

തിരുവനന്തപുരം (സർക്കാർ ഉത്തരവ് സഹിതം)

(ഒപ്പ്)

വനിതശിശുവികസന ഡയറക്ടർ

<u>പകർപ്പ്:</u>

1 ചീഫ് എഞ്ചിനീയർ, PWD കെട്ടിട വിഭാഗം.

I/54835/2022

2 എക്സിക്യൂട്ടീവ് എഞ്ചിനീയർ ( പ്രോഗ്രാം ആഫീസർ മുഖേന)

3 അസിസ്റ്റന്റ് എഞ്ചിനീയർ (CDPO മുഖേന)

4 ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക്

5 ബന്ധപ്പെട്ട സിഡിപിമാർക്ക്.

6 സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 06-08-2022 12:02:06

DWCD/1141/2022-ICDSA7

I/54834/2022

അനുബന്ധം

**2022-23 സാമ്പത്തിക വർഷം അങ്കണവാടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണാനുമതി നൽകുന്ന 100 അങ്കണവാടികളുടെ ലിസ്റ്റ്**

**ഉത്തരവ് നം DWCD/1141/2022-ICDS A7 തീയതി ; 6/8/2022**

| ക്ര നം | ജില്ല | ഐസിഡിഎസ് പ്രോജക്ട് | പഞ്ചായത്ത് | സെന്റർ നം | അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1 | കാസർഗോഡ് | പരപ്പ അഡീഷണൽ | ബലാൽ | 5 | 100000 |
| 2 | കാസർഗോഡ് | പരപ്പ അഡീഷണൽ | ബലാൽ | 9 | 100000 |
| 3 | കാസർഗോഡ് | പരപ്പ അഡീഷണൽ | ബലാൽ | 11 | 100000 |
| 4 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 116 | 100000 |
| 5 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 114 | 100000 |
| 6 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 115 | 100000 |
| 7 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 113 | 100000 |
| 8 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 110 | 100000 |
| 9 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 98 | 100000 |
| 10 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 97 | 100000 |
| 11 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 99 | 100000 |
| 12 | കാസർഗോഡ് | പരപ്പ അഡീഷണൽ | പനത്തടി | 95 | 100000 |
| 13 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 84 | 100000 |
| 14 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 92 | 100000 |
| 15 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 81 | 94000 |
| 16 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 79 | 100000 |
| 17 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 77 | 100000 |
| 18 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 73 | 100000 |
| 19 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 83 | 100000 |
| 20 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 82 | 94000 |
| 21 | കാസർഗോഡ് | പരപ്പ അഡീഷണൽ | കള്ളാർ | 78 | 100000 |
| 22 | കാസർഗോഡ് | പരപ്പ | ഈസ്റ്റ് എളേരി | 10 | 100000 |
| 23 | കാസർഗോഡ് | പരപ്പ | ഈസ്റ്റ് എളേരി | 12 | 100000 |
| 24 | കാസർഗോഡ് | പരപ്പ | ഈസ്റ്റ് എളേരി | 5 | 100000 |

I/54834/2022

| | | | | | |
|---|---|---|---|---|---|
| 25 | കാസർഗോഡ് | പരപ്പ | ഈസ്റ്റ് എളേരി | 4 | 100000 |
| 26 | കാസർഗോഡ് | പരപ്പ | ഈസ്റ്റ് എളേരി | 13 | 100000 |
| 27 | കാസർഗോഡ് | പരപ്പ | ഈസ്റ്റ് എളേരി | 25 | 100000 |
| 28 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 62 | 97215 |
| 29 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 67 | 64605 |
| 30 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 35 | 96217 |
| 31 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 51 | 91341 |
| 32 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 33 | 97074 |
| 33 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 50 | 94423 |
| 34 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 54 | 60147 |
| 35 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 39 | 96549 |
| 36 | കാസർഗോഡ് | പരപ്പ | വെസ്റ്റ് എളേരി | 33 | 94038 |
| 37 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 2 | 100000 |
| 38 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 13 | 100000 |
| 39 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 3 | 100000 |
| 40 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 4 | 100000 |
| 41 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 6 | 100000 |
| 42 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 9 | 100000 |
| 43 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 10 | 100000 |
| 44 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 11 | 100000 |
| 45 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 17 | 100000 |
| 46 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 18 | 100000 |
| 47 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 19 | 100000 |
| 48 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 21 | 100000 |
| 49 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 22 | 100000 |
| 50 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 23 | 100000 |
| 51 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 24 | 100000 |

| | | | | | |
|---|---|---|---|---|---|
| 52 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 25 | 100000 |
| 53 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 26 | 100000 |
| 54 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 27 | 100000 |
| 55 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 28 | 100000 |
| 56 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 29 | 100000 |
| 57 | തിരുവനന്തപുരം | പോത്തൻകോട് | ആണ്ടൂർക്കോണം | 30 | 100000 |
| 58 | തിരുവനന്തപുരം | പോത്തൻകോട് | അഴൂർ | 154 | 100000 |
| 59 | തിരുവനന്തപുരം | പോത്തൻകോട് | അഴൂർ | 158 | 100000 |
| 60 | തിരുവനന്തപുരം | പോത്തൻകോട് | അഴൂർ | 161 | 100000 |
| 61 | തിരുവനന്തപുരം | പോത്തൻകോട് | അഴൂർ | 162 | 100000 |
| 62 | തിരുവനന്തപുരം | പോത്തൻകോട് | അഴൂർ | 163 | 100000 |
| 63 | തിരുവനന്തപുരം | പോത്തൻകോട് | അഴൂർ | 173 | 100000 |
| 64 | തിരുവനന്തപുരം | പോത്തൻകോട് | അഴൂർ | 170 | 100000 |
| 65 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 14 | 100000 |
| 66 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | ഒറ്റശേഖരമംഗലം | 61 | 100000 |
| 67 | തിരുവനന്തപുരം | നേമം അഡീഷണൽ | വിളവൂർക്കൽ | 130 | 100000 |
| 68 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | കള്ളിക്കാട് | 85 | 90000 |
| 69 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 1 | 100000 |
| 70 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 2 | 100000 |
| 71 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 9 | 100000 |
| 72 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 16 | 100000 |
| 73 | കോട്ടയം | വാഴൂർ | വാഴൂർ | 99 | 100000 |
| 74 | കോട്ടയം | വാഴൂർ | വാഴൂർ | 97 | 100000 |
| 75 | കൊല്ലം | പുനലൂർ അർബൻ | പുനലൂർ മുൻസിപ്പാലിറ്റി | 40 | 50000 |
| 76 | കൊല്ലം | പുനലൂർ അർബൻ | പുനലൂർ മുൻസിപ്പാലിറ്റി | 50 | 100000 |

I/54834/2022

| | | | | | |
|---|---|---|---|---|---|
| 77 | കൊല്ലം | പുനലൂർ അർബൻ | പുനലൂർ മുൻസിപ്പാലിറ്റി | 56 | 100000 |
| 78 | കൊല്ലം | പുനലൂർ അർബൻ | പുനലൂർ മുൻസിപ്പാലിറ്റി | 59 | 100000 |
| 79 | കൊല്ലം | പുനലൂർ അർബൻ | പുനലൂർ മുൻസിപ്പാലിറ്റി | 43 | 100000 |
| 80 | തൃശ്ശൂർ | മാള | അന്നമനട | 63 | 80000 |
| 81 | തൃശ്ശൂർ | മാള | അന്നമനട | 126 | 70000 |
| 82 | തൃശ്ശൂർ | ചൊവ്വന്നൂർ | ചൂണ്ടൽ | 71 | 100000 |
| 83 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 57 | 89096 |
| 84 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 52 | 77145 |
| 85 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 134 | 79552 |
| 86 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 42 | 93498 |
| 87 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 61 | 90620 |
| 88 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 25 | 86662 |
| 89 | ആലപ്പുഴ | മുതുകുളം അഡീഷണൽ | പത്തിയൂർ | 117 | 100000 |
| 90 | എറണാകുളം | പാമ്പാക്കുട | ഇലഞ്ഞി | 43 | 100000 |
| 91 | എറണാകുളം | പാമ്പാക്കുട | തിരുമാറാടി | 107 | 100000 |
| 92 | എറണാകുളം | പാമ്പാക്കുട | തിരുമാറാടി | 117 | 100000 |
| 93 | എറണാകുളം | പാമ്പാക്കുട | തിരുമാറാടി | 122 | 100000 |
| 94 | എറണാകുളം | മൂവാറ്റുപുഴ | പായിപ്ര | 53 | 100000 |
| 95 | എറണാകുളം | മൂവാറ്റുപുഴ | പായിപ്ര | 54 | 100000 |
| 96 | എറണാകുളം | മൂവാറ്റുപുഴ അഡീഷണൽ | മാറാടി | 81 | 100000 |
| 97 | എറണാകുളം | മൂവാറ്റുപുഴ അഡീഷണൽ | മാറാടി | 82 | 100000 |
| 98 | എറണാകുളം | മൂവാറ്റുപുഴ അഡീഷണൽ | മാറാടി | 88 | 100000 |
| 99 | എറണാകുളം | ആലങ്ങാട് | കടുങ്ങല്ലൂർ | 145 | 100000 |
| 100 | എറണാകുളം | നോർത്ത് പറവൂർ | നോർത്ത് പറവൂർ മുൻസിപ്പാലിറ്റി | 34 | 100000 |

**ആകെ** **9686182**

Signed by Priyanka G
Date: 06-08-2022 12:01:19

Signed by Priyanka G
Date: 06-08-2022 12:01:25

1105 A7

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - അങ്കണവാടി നവീകരണം - 2022-23 - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 243/2022/വശിവിവ** **തീയതി, തിരുവനന്തപുരം, 21/05/2022**

---

പരാമർശം: 1. സ.ഉ(സാധാ)നം. 6923/2021/ധന തീയതി 26.10.2021.

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 18.04.2022 ലെ DWCD/1141/2022-ICDS A7 നമ്പർ കത്ത്.

3. 06.05.2022 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

വനിത ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 24360 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രാരംഭ ശൈശവകാല സംരക്ഷണം നൽകുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിനുമായി അങ്കണവാടികളെ ശിശുസൗഹൃദമാക്കേണ്ടതുണ്ട്. ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, അമ്മമാർ എന്നിവർക്കുള്ള സേവനം അങ്കണവാടികൾ മുഖേന നൽകി വരുന്നു. അങ്കണവാടികളെ ശിശു സൗഹൃദ-ശിശുപരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ 100 അങ്കണവാടികൾക്ക് പരമാവധി 1 ലക്ഷം രൂപ വരെയുള്ള നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് മുഖാന്തിരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4235-02-102-96 പ്ലാൻ ശീർഷകത്തിൽ അങ്കണവാടി നിർമ്മാണം/നവീകരണം എന്നിവയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ആഫീസറായിട്ടുള്ള 4235-02-102-96 (P) ശീർഷകത്തിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ്

27/5/22

നിർമ്മാണം/ നവീകരണ പ്രവൃത്തി പൂർത്തിയാക്കുന്ന പക്ഷം തുക പിൻവലിക്കുന്നതിനായി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ Crossmap ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 4235-02-102 96 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ) വിനിയോഗിച്ച് 100 അങ്കണവാടി കെട്ടിടങ്ങൾ ഒരു ലക്ഷം രൂപ നിരക്കിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് മുഖേന നവീകരണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) 06.05.2022 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 100 അങ്കണവാടി കെട്ടിടങ്ങൾ ഒരു ലക്ഷം രൂപ നിരക്കിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് മുഖേന നവീകരണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയും, പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുകയായ 100 ലക്ഷം (നൂറ് ലക്ഷം രൂപ മാത്രം) രൂപ 4235-02-102 96 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**നിഷ എസ്**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ